"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 16-06-2021

**സർക്കുലർ നം 39**

ഒരേ സ്ഥാപനത്തിൽ തുടർച്ചയായി 3 വർഷത്തോളമായി ജോലിനോക്കിവരുന്ന ജയിൽ വകുപ്പ് ജീവനക്കാരിൽ നിന്നും 2021 ലെ പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മാത്രം ക്ഷണിച്ചു കൊള്ളുന്നു.

വാർഡർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ തങ്ങളുടെ മേഖലയ്ക്കുള്ളിൽ വരുന്ന സ്ഥലം മാറ്റ അപേക്ഷകൾ അതാത് മേഖലാ ജയിൽ ഡിഐജി ഓഫീസുകളിലേക്ക് ബന്ധപ്പെട്ട സൂപ്രണ്ടുമാർ മുഖേന നിശ്ചിത പ്രൊഫോർമയിൽ 22.06.2021 ന് മുമ്പായി സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ഡിഐജി മാർ ടി അപേക്ഷകളിന്മേൽ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി 25.06.2021 ന് മുമ്പായി സ്ഥലം മാറ്റം നടത്തേണ്ടതും വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ആസ്ഥാന കാര്യാലയം മുഖേന സ്ഥലം മാറ്റം നടത്തേണ്ടുന്ന, 3 വർഷം ഒരേ സ്ഥാപനത്തിൽ ജോലിനോക്കിയവരുമായ ജീവനക്കാരുടെ സ്ഥലം മാറ്റത്തിനായുള്ള അപേക്ഷകൾ നിശ്ചിത പ്രോഫോർമയിൽ ആധികാരികമായ രേഖകളുടെ പകർപ്പുകൾ സഹിതം 30.06.2021 തീയതിക്ക് മുമ്പായി സ്ഥാപന മേധാവികളുടെ ശിപാർശയോടുകൂടി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

അപേക്ഷകർ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും മുൻഗണനാ പട്ടികയിൽ വരുന്നവരാണെങ്കിൽ ആയതിൻറെ രേഖകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

നിശ്ചിത തീയതി കഴിഞ്ഞുള്ള അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 01) എല്ലാ ജയിൽ സ്ഥാപന മേധാവികളും
02) TC 3 (Web Site)

പകർപ്പ് : ഡിഐജി ഉത്തര/മദ്ധ്യ/ദക്ഷിണ മേഖലകൾ, ഫയൽ, കരുതൽ ഫയൽ.

E6-14314/2021/PrHQ 391f10